എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി

10 (3219) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ മാനദണ്ഡമനുസരിച്ച് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്. ബി. ആർക്ക് എന്നീ ബ്രാഞ്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾക്ക് ധനവകുപ്പിന്റെ അംഗീകാരം ഉണ്ടെന്ന വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) ബി.ആർക്കിനു മാത്രമായി ആവശ്യമായ തസ്തികകൾ അനുവദിച്ചുകൊണ്ട് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഇപ്രകാരം അനുവാദം നൽകിയത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) മാനദണ്ഡങ്ങളനുസരിച്ച് ബി.ആർക്കിന് മാത്രമായി ആവശ്യമായ തസ്തികകൾക്ക് അംഗീകാരം നൽകുകയും കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗിൽ ബ്രാഞ്ചിലെ തസ്തികകൾക്ക് അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണം വിശദമാക്കുമോ :

(ഇ) ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു. 2004 മാർച്ച് മാസത്തിൽ ബി.ആർക്ക് ബ്രാഞ്ചിന് വേണ്ടിയും 2005 ജനുവരിയിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിനു വേണ്ടിയും.

(ബി) ബി.ആർക്ക് ബ്രാഞ്ചിന് 7 തസ്തികകൾ അനുവദിക്കാൻ ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിലേക്ക് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാനാവശ്യമായ വിവരം ലഭ്യമാക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

(സി) ഉണ്ട്. 23-11-2004-ൽ ഒരു പ്രൊഫസർ, നാല് അസിസ്റ്റന്റ് പ്രൊഫസർ, രണ്ട് ലക്ചറർ എന്നീ തസ്തികകൾ സൃഷ്ടിക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ തസ്തികകൾ അനുവദിക്കുന്നതിന് ചില കാര്യങ്ങളിൽ വിശദീകരണം ആവശ്യമുള്ളതിനാലാണ് അംഗീകാരം നൽകാതിരുന്നത്.

(ഇ) ആവശ്യപ്പെട്ട വിശദീകരണം ലഭിക്കുന്നതിനനുസരിച്ച് തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly